പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 2459 — 20.6.2012 ലെ മറുപടിക്ക്

## ഭൂരഹിതർക്ക് സഹായം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. അച്ചുതൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി വികസന വകുപ്പിൽ ഭൂരഹിതരായവർക്ക് വേണ്ടി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | എ) | ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വകുപ്പിൽ നിന്നും നിലവിൽ ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമിയും വീടും അനുവദിച്ചുവരുന്നു. |
| (ബി) ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങാൻ സഹായകരമാകുന്ന വിധത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) | ഗുണഭോക്താക്കൾ കണ്ടെത്തുന്ന ഭൂമി വാങ്ങുന്നതിനാണ് പദ്ധതിപ്രകാരം ധനസഹായം അനുവദിച്ചുവരുന്നത്; ഇപ്രകാരം ഗുണഭോക്താവിന് സ്വന്തം ഇഷ്ടത്തിനനുസൃതമായ ഭൂമി വാങ്ങുന്നതിനുള്ള അവസരം കൈവരുന്നു. |
| (സി) ഭവനരഹിതർക്ക് വായ്പാ സൗകര്യം നൽകുന്ന കാര്യം പരിഗണിക്കുമോ? | സി) | പട്ടികജാതിയിൽപ്പെട്ട, സ്വന്തമായി ഭൂമി ഉള്ളവർക്ക് നിലവിൽ വകുപ്പിൽ നിന്നും 1,00,000/- രൂപ വരെ വായ്പയായി അനുവദിച്ചുവരുന്നു. 30,000/- രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് 75,000/- രൂപയും 50,000/- രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് 1,00,000/- രൂപയും പലിശരഹിത വായ്പയായി നൽകി വരുന്നു. |

2012-13- ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 3,00,000/- രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് 5,00,000/- രൂപവരെ വായ്പയായി അനുവദിക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ